Mathrubhumi
മാതൃഭൂമി

# ഊർജ കാര്യക്ഷമതയിൽ കേരളത്തിന് ദേശീയ അംഗീകാരം

## ഗ്രൂപ്പ് 3 വിഭാഗത്തിൽ ഒന്നാം റാങ്ക്

**തിരുവനന്തപുരം** ▸ ഊർജ കാര്യക്ഷമത വിലയിരുത്തുന്ന ദേശീയ സൂചികയായ സ്റ്റേറ്റ് എനർജി എഫിഷ്യൻസി ഇൻഡക്സിൽ ഗ്രൂപ്പ് മൂന്ന് വിഭാഗത്തിൽ കേരളത്തിന് ഒന്നാം റാങ്ക്. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എ. പുനീത് കുമാറും, എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ. ഹരികുമാറും രാഷ്ട്രപതി ദ്രൗപദി മുർമുവിൽനിന്നു പുരസ്കാരം ഏറ്റുവാങ്ങി. കാർഷികമേഖല, വൈദ്യുതിവിതരണ രംഗം, ഗതാഗതം,വ്യവസായം,വൻകിട കെട്ടിടനിർമാണം, ഗാർഹിക മേഖല തുടങ്ങിയ ഇടങ്ങളിൽ ഊർജ കാര്യക്ഷമത ഉറപ്പാക്കിയ നടപടികൾ വിലയിരുത്തിയാണ് പുരസ്കാരം. രാജ്യത്ത് ആദ്യമായി 'എനർജി കൺസർവേഷൻ ആൻഡ് സസ്റ്റെയിനബിൾ ബിൽഡിങ് കോഡ് റൂൾസ്' കെട്ടിടനിർമാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയതും പുരസ്കാരത്തിലേക്കു നയിച്ചു.



▶ ഊർജ കാര്യക്ഷമതാ വിഭാഗത്തിൽ ഗ്രൂപ്പ് മൂന്ന് സംസ്ഥാനങ്ങളിൽ ഒന്നാം റാങ്ക് നേടിയ കേരളത്തിനുള്ള പുരസ്കാരം ഊർജവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എ. പുനിത് കുമാറും എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ. ഹരികുമാറും രാഷ്ട്രപതി ദ്രൗപദി മുർമുവിൽനിന്ന് ഏറ്റുവാങ്ങുന്നു

15/12/2025 TRIVANDRUM Pg 04